ഫയൽ നമ്പർ. GPCMNI/170/2025-A4 21-04-2025

**സർക്കാർ പോളിടെക്നിക് കോളേജ്, മീനങ്ങാടി**

**ഫോൺ നമ്പർ. 04936 247 420, ഇ-മെയിൽ : gptc24wayanad@gmail.com**

# കോളേജ് കാൻറീൻ നടത്തിപ്പ് - 2025-2026

## ക്വട്ടേഷൻ നോട്ടീസ്

**ക്വട്ടേഷൻ നമ്പർ. 01/2025-2026**

സർക്കാർ പോളിടെക്നിക് കോളേജ്, മീനങ്ങാടിയിൽ 2025-2026 അധ്യായന വർഷം മുതൽ 2026, മെയ് 31 വരെ കോളേജ് കാന്റീൻ നടത്തുന്നതിന് താൽപര്യമുള്ള കുടുംബശ്രീ യൂണിറ്റുകളിൽ നിന്നും വ്യക്തികളിൽ മുദ്രവെച്ച ക്വട്ടേഷനുകൾ ക്ഷണിക്കുന്നു. കുടുംബശ്രീ യൂണിറ്റുകൾക്കും ആരോഗ്യ സർട്ടിഫിക്കറ്റുള്ള ജീവനക്കാരുള്ള സ്ഥാപനങ്ങൾക്കും ക്വട്ടേഷനിൽ മുൻഗണന ലഭിക്കുന്നതാണ്. കാന്റീൻ നടത്തി മുൻപരിചയമുണ്ടെങ്കിൽ അത് തെളിയിക്കുന്നതിനുള്ള സർട്ടിഫിക്കറ്റിന്റെ അടിസ്ഥാനത്തിൽ ക്വട്ടേഷനിൽ ആയതിന്റെ മുൻഗണന ലഭിക്കുന്നതാണ്.

ഇതോടൊപ്പം അനുബന്ധമായി ചേർത്തിരിക്കുന്ന ക്വട്ടേഷൻ മാതൃകയിൽ വിതരണം ചെയ്യാൻ ഉദ്ദേശിക്കുന്ന വിഭവങ്ങളുടെ അളവും വിലയും വ്യക്തമായി രേഖപ്പെടുത്തേണ്ടതാണ്. വ്യവസ്ഥ പ്രകാരമുള്ള ഉന്നത നിലവാരമുള്ള വിഭവങ്ങൾക്ക് ന്യായമായ വില വാഗ്ദാനം ചെയ്യുന്ന വ്യക്തിക്ക്/സ്ഥാപനത്തിന് കാന്റീൻ കമ്മിറ്റി തീരുമാനമനുസരിച്ച് കാന്റീൻ നടത്തിപ്പിനുള്ള അനുമതി നൽകുന്നതാണ്.

ക്വട്ടേഷൻ കവറിനു പുറത്ത് " **കാന്റീൻ ക്വട്ടേഷൻ - 2025-2026** " എന്ന് വ്യക്തമായി രേഖപ്പെടുത്തി, 09-05-2025 (വെള്ളിയാഴ്ച) ഉച്ചയ്ക്ക് 02 മണിക്ക് മുൻപായി **പ്രിൻസിപ്പാൾ, സർക്കാർ പോളിടെക്നിക് കോളേജ്, മീനങ്ങാടി (പിഒ), മീനങ്ങാടി - 673 591** എന്ന മേൽ വിലാസത്തിൽ ക്വട്ടേഷനുകൾ സമർപ്പിക്കേണ്ടതാണ്. ക്വട്ടേഷൻ സമർപ്പിച്ച വ്യക്തികളുടെ സാന്നിധ്യത്തിൽ **2025, മെയ് 09 (വെള്ളിയാഴ്ച) ഉച്ചയ്ക്ക് ശേഷം 03.30** ന് ക്വട്ടേഷനുകൾ തുറക്കുന്നതാണ്.

ക്വട്ടേഷൻ ലഭിക്കുന്ന സ്ഥാപനം/വ്യക്തി/കുടംബശ്രീ യൂണിറ്റ് താഴെ പറയപ്പെടുന്ന കാര്യങ്ങൾ പൂർത്തീകരിച്ചതിന് ശേഷം ഓഫീസിൽ നിന്നും കാന്റീന്റെ താക്കോൽ കൈപ്പറ്റേണ്ടതാണ്.

1. കരുതൽ ധനം 15000/- രൂപയും (ആകെ പതിനഞ്ചായിരം രൂപ മാത്രം) ഒരു മാസത്തെ വാടക 1100/- രൂപയും ഓഫീസിൽ അടക്കേണ്ടതാണ്. തുടർന്ന് എല്ലാ മാസവും പത്താം തീയ്യതിക്ക് മുൻപായി ആ മാസത്തെ മുൻകൂർ വാടക 1000/- രൂപ ഓഫീസിൽ കൃത്യമായി അടക്കേണ്ടതാണ്. 15-ാം തിയ്യതിക്ക് മുൻപായി വാടക അടക്കാത്ത പക്ഷം ഈ തുകയിന്മേൽ പിഴ ഈടാക്കുന്നതായിരിക്കും.

2. 220/- രൂപയുടെ മുദ്ര പത്രത്തിൽ ഉടമ്പടി കരാർ തയ്യാറാക്കി ഓഫീസിൽ സമർപ്പിക്കേണ്ടതാണ്.
3. കാന്റീൻ നടത്തിപ്പിനാവശ്യമായ ഗ്രാമപഞ്ചായത്ത് ലൈസൻസ്, ഭക്ഷ്യസുരക്ഷാ വകുപ്പിന്റെ ഫുഡ് സേഫ്റ്റി ലൈസൻസ്, കാന്റീനിൽ ജോലി ചെയ്യുന്ന ജീവനക്കാരുടെ ആരോഗ്യ സർട്ടിഫിക്കറ്റ് എന്നിവ കാന്റീൻ പ്രവർത്തനം ആരംഭിക്കുന്നതിന്റെ മുൻപായി കരാറുകാരൻ സ്വന്തം ചെലവിൽ കരസ്ഥമാക്കി കാന്റീനിൽ വ്യക്തമായി കാണത്തക്കരീതിയിൽ പ്രദർശിപ്പിക്കേണ്ടതും ആയതിന്റെ പകർപ്പ് ഓഫീസിൽ സമർപ്പിക്കേണ്ടതുമാണ്.

കാന്റീനിൽ ഉപയോഗിക്കുന്ന പാത്രങ്ങളും ഫർണീച്ചറുകളും കരാറുകാരൻ സ്വന്തം നിലക്ക് ഏർപ്പെടുത്തേണ്ടതാണ്.

പ്രിൻസിപ്പാൾ നിർദ്ദേശിക്കുന്ന തീയ്യതി മുതൽ കാന്റീൻ തുറന്ന് പ്രവർത്തിപ്പിക്കേണ്ടതാണ്. കൂടുതൽ വിവരങ്ങളും വ്യവസ്ഥകളും അറിയുവാൻ ഈ സ്ഥാപനത്തിൽ നേരിട്ട് ബന്ധപ്പെടാവുന്നതാണ്. ക്വട്ടേഷൻ സ്വീകരിക്കുന്നതിനും നിരാകരിക്കുന്നതിനുമുള്ള അധികാരം പ്രിൻസിപ്പാളിൽ നിക്ഷിപ്തമായിരിക്കും.

PRINCIPAL, GPTC

**<u>പകർപ്പ്.</u>**

1. ജില്ലാ ഇൻഫർമേഷൻ ഓഫീസർ, കൽപ്പറ്റ.
2. സെക്രട്ടറി, മീനങ്ങാടി ഗ്രാമപഞ്ചായത്ത്.
3. വില്ലേജ് ഓഫീസർ, പുറക്കാടി വില്ലേജ് ഓഫീസ്.
4. അഭിമന്യു സുഭാഷ്, ഇലക്ട്രിക്കൽ വിഭാഗം ലെക്ചറർ (വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനായി നിയോഗിക്കുന്നു)

Signed by
Vikas P N
Date: 21-04-2025 12:10:21

File No. GPCMNI/170/2025-A4 21-04-2025

# സർക്കാർ പോളിടെക്നിക് കോളേജ്, മീനങ്ങാടി

## കോളേജ് കാന്റീൻ നടത്തിപ്പ് - 2025-2026

## ക്വട്ടേഷൻ സമർപ്പിക്കേണ്ട മാതൃക

(നിർബന്ധമായും എല്ലാ ഇനത്തിന്റെയും വിലകൾ രേഖപ്പെടുത്തേണ്ടതാണ്)

| ക്രമനമ്പർ | ഇനം | അളവ് | വില |
|---|---|---|---|
| | **പ്രഭാത ഭക്ഷണം** | | |
| 1 | ദോശ (ചട്നി/സാമ്പാർ) | 75 ഗ്രാം, (മൂന്ന് എണ്ണം) | |
| 2 | പുട്ട് | 150 ഗ്രാം, (2 എണ്ണം) | |
| 3 | ഇഡഡലി | 150 ഗ്രാം, (3 എണ്ണം) | |
| 4 | പൂരി | 150 ഗ്രാം | |
| 5 | ചപ്പാത്തി | 150 ഗ്രാം | |
| 6 | വെള്ളയപ്പം | 150 ഗ്രാം | |
| 7 | നൂൽപുട്ട് | 150 ഗ്രാം | |
| 8 | മസാലദോശ | 150 ഗ്രാം | |
| 9 | പൊരിച്ച പത്തിരി | 150 ഗ്രാം | |
| | **കറികൾ** | | |
| 10 | ചെറുപയർ കറി | 150 ഗ്രാം | |
| 11 | കടല കറി | 150 ഗ്രാം | |
| 12 | ഗ്രീൻ പീസ് | 150 ഗ്രാം | |
| 13 | ബാജി കറി | 150 ഗ്രാം | |
| 14 | മുട്ട റോസ്റ്റ് | 150 ഗ്രാം | |
| 15 | മീൻ കറി | 150 ഗ്രാം | |
| 16 | ചിക്കൻ കറി | 150 ഗ്രാം | |
| 17 | മുട്ടകറി | 150 ഗ്രാം | |
| 18 | ബീഫ് കറി | 150 ഗ്രാം | |
| | **ഉച്ചഭക്ഷണം** | | |
| 19 | ഊൺ, അച്ചാർ, തോരൻ, പപ്പടം, കൂട്ടുക്കറി/അവിയൽ, മീൻ കറി, സാമ്പാർ/മോര് കറി, രസം/മോര് | ആവശ്യത്തിന് നൽകിയിരിക്കണം | |
| 20 | കഞ്ഞി, അച്ചാർ, ചമന്തി, ഉപ്പേരി, പപ്പടം | ആവശ്യത്തിന് നൽകിയിരിക്കണം | |
| 21 | ചിക്കൻ ബിരിയാണി | 350 ഗ്രാം (പീസ് 150 ഗ്രാം, റൈസ് 200 ഗ്രാം, ആവശ്യപ്പെടുന്ന | |

| | | | |
|---|---|---|---|
| | | സമയത്ത് 150 ഗ്രാം റൈസ് അധികം നൽകിയിരിക്കണം) | |
| 22 | നെയ് ചോർ | 300 ഗ്രാം (ആഴ്ചയിൽ ഒരു ദിവസം ഊണിന് പുറമെ ലഭ്യമാക്കണം) | |
| 23 | ഫ്രൈഡ് റൈസ് (വെജ്) | 300 ഗ്രാം | |
| 24 | കപ്പ | 1 പ്ലേറ്റ് | |
| **പൊരിച്ച/ഫ്രൈ ചെയ്ത ഇനങ്ങൾ** | | | |
| 25 | ബീഫ് ഫ്രൈ | 150 ഗ്രാം | |
| 26 | ചിക്കൻ ഫ്രൈ | 150 ഗ്രാം | |
| 27 | മീൻ പൊരിച്ചത് (അയല) | 1 എണ്ണം | |
| 28 | മീൻ പൊരിച്ചത് (മത്തി) | 1 എണ്ണം | |
| 29 | ഓംലെറ്റ് (സിംഗിൾ) | സിംഗിൾ | |
| 30 | ഓംലെറ്റ് (ഡബിൾ) | ഡബിൾ | |
| **ഹോട്ട് ഡ്രിങ്ക്സ്** | | | |
| 31 | കാപ്പി | 150 മില്ലി ലിറ്റർ | |
| 32 | ചായ | 150 മില്ലി ലിറ്റർ | |
| 33 | പൊടി ചായ | 150 മില്ലി ലിറ്റർ | |
| 34 | ഫിൽട്ടർ കോഫി | 150 മില്ലി ലിറ്റർ | |
| **സ്നാക്ക്** | | | |
| 35 | ഉഴുന്ന് വട | 100 ഗ്രാം | |
| 36 | പഴംപൊരി | 100 ഗ്രാം | |
| 37 | ബോണ്ട | 100 ഗ്രാം | |
| 38 | പരിപ്പ് വട | 100 ഗ്രാം | |
| 39 | ഉള്ളിവട | 100 ഗ്രാം | |
| 40 | പക്ക വട | 100 ഗ്രാം | |
| 41 | കേക്ക് (റവ/പാൽ) | 100 ഗ്രാം | |
| 42 | ഇല അട | 100 ഗ്രാം | |
| 43 | കൊഴുക്കട്ട | 100 ഗ്രാം | |
| 44 | സുഖീൻ | 100 ഗ്രാം | |
| 45 | കട്ട് ലേറ്റ് (വെജിറ്റേറിയൻ) | 100 ഗ്രാം | |
| 46 | കട്ട് ലേറ്റ് (ചിക്കൻ) | 100 ഗ്രാം | |
| 47 | മുട്ട പഫ്സ് | 150 ഗ്രാം | |
| 48 | വെജിറ്റബിൾ പഫ്സ് | 150 ഗ്രാം | |
| 49 | സ്വീറ്റ് പഫ്സ് | 150 ഗ്രാം | |

PRINCIPAL, GPTC

Signed by
Vikas P N
Date: 21-04-2025 12:09:54

ഫയൽ നം. GPCMNI/170/2025-A4 21-04-2025

# സർക്കാർ പോളിടെക്നിക് കോളേജ്, മീനങ്ങാടി

## കോളേജ് കാന്റീൻ നടത്തിപ്പ് - 2025-2026

### 2025-2026 അധ്യായന വർഷത്തെ കോളേജ് കാന്റീൻ നടത്തിപ്പിനുള്ള വ്യവസ്ഥകൾ

1. കോളേജ് കാന്റീൻ നടത്തിപ്പിനുള്ള അവകാശം 2025-2026 അധ്യായന വർഷം മുതൽ 2026 മെയ് 31 വരെയായിരിക്കും.
2. പ്രതിമാസ മുൻകൂർ വാടക 1100/- രൂപ ഓരോ മാസവും പത്താം തീയ്യതിക്കുള്ളിൽ ഓഫീസ് ക്യാഷ് കൗണ്ടറിൽ അടയ്ക്കേണ്ടതാണ്. പത്താം തീയ്യതിക്ക് ശേഷം അടക്കുന്ന തുകയ്ക്ക് മേൽ പിഴ ഈടാക്കുന്നതാണ്.
3. ക്വട്ടേഷൻ പറഞ്ഞിട്ടുള്ള അത്യാവശ്യ വിഭവങ്ങൾ നിർബന്ധമായും കാന്റീനിൽ ലഭ്യമാക്കേണ്ടതാണ്.
4. ഭക്ഷണം പാചകം ചെയ്യുന്നതിന് മായം ചേർക്കാത്ത ഗുണനിലവാരമുള്ള സാധനങ്ങൾ ക്വട്ടേഷൻ പ്രകാരമുള്ള തുകയ്ക്ക് ഉത്തരവാദിതത്തോടും ശുചിത്വത്തോടെയും ചൂടോടുകൂടിയും നൽകേണ്ടതാണ്. പലഹാരങ്ങളും മറ്റും ഈച്ച ശല്യമില്ലാതെ ചില്ല് അലമാരയിൽ സൂക്ഷിക്കേണ്ടതാണ്. പഴകിയ ഭക്ഷണ സാധനങ്ങൾ മിക്സ് ചെയ്യുകയോ വീണ്ടും ഉപയോഗിക്കുകയോ ചെയ്യരുത്.
5. കാന്റീൻ കെട്ടിടം, ഫർണ്ണീച്ചർ, ലഭ്യമായ പാത്രങ്ങൾ മുതലായവ വാച്ച്മാനിൽ നിന്നും കൈപ്പറ്റേണ്ടതും അവയുടെ ലിസ്റ്റ് എഗ്രിമെന്റിന്റെ ഭാഗമായി സമർപ്പിക്കേണ്ടതുമാണ്.
6. ഭക്ഷണ സാധനങ്ങളുടെ ക്വട്ടേഷൻ പ്രകാരം അംഗീകരിച്ച വില വിവര പട്ടിക വ്യക്തമായി കാണത്തക്കരീതിയിൽ കാന്റീനിൽ പ്രദർശിപ്പിക്കേണ്ടതാണ്.
7. വെക്കേഷൻ ഉൾപ്പടെയുള്ളയുള്ള കാലയളവിൽ തിങ്കൾ മുതൽ ശനിയാഴ്ച വരെയുള്ള ദിവസങ്ങളിലും പ്രിൻസിപ്പാൾ ആവശ്യപ്പെടുന്ന അവധി ദിവസങ്ങളിലും രാവിലെ 08 മണി മുതൽ വൈകുന്നേരം 06 മണി വരെയുള്ള സമയങ്ങളിൽ കാന്റീൻ തുറന്നു പ്രവർത്തിക്കേണ്ടതാണ്.
8. കോളേജിലെ വിവിധ പരിപാടികളുടെ ഭാഗമായി വിദ്യാർത്ഥികൾ ഉൾപ്പടെയുള്ള ആളുകൾ ആവശ്യപ്പെടുന്ന മുറയ്ക്ക് ഭക്ഷണം, ചായ എന്നിവ ഇതേ നിരക്കിൽ വിതരണം ചെയ്യേണ്ടതാണ്.
9. ഒരിക്കൽ അംഗീകരിച്ച വിലകൾ കൂട്ടുവാനോ പുനർ പരിശോധിക്കുവാനോ ഉള്ള അപേക്ഷകൾ യാതൊരു കാരണവശാലും പരിഗണിക്കുന്നതല്ല.
10. കോളേജ് കാന്റീൻ പ്രവർത്തനം കോളേജ് കാന്റീൻ കമ്മിറ്റിയുടെ നിയന്ത്രണത്തിലായിരിക്കും. ഏത് സമയത്തും ഗുണനിലവാരം പരിശോധിക്കുന്നതിനും ശരിയായ സമയക്രമം പാലിക്കുന്നുണ്ടോ എന്ന് പരിശോധിക്കുവാനും കാന്റീൻ കമ്മിറ്റിക്ക് അധികാരമുണ്ടായിരിക്കുന്നതാണ്.
11. കോളേജ് കാന്റീൻ പ്രവർത്തനം ഇടയ്ക്ക് വച്ച് നിർത്തുന്നതോ മറ്റൊരാൾക്ക് കൈമാറ്റം ചെയ്യാവുന്നതോ അല്ല. കോളേജിന്റെ അച്ചടക്കത്തിന് വിഘാതം വരുത്തുന്ന യാതൊരു

പ്രവർത്തനങ്ങളിലും ഏർപ്പെട്ടുവാൻ പാടുള്ളതല്ല.

12. കരാർ കാലയളവിൽ കോളേജ് കാന്റീനിലെ സാധനസാമഗ്രികൾക്കുണ്ടാകുന്ന കേടുപാടുകൾ മൂലം സർക്കാരിനുണ്ടാകുന്ന കഷ്ടനഷ്ടങ്ങൾ കരാറുകാരന്റെ കരുതൽ നിക്ഷേപത്തിൽ നിന്ന് ഈടാക്കുന്നതാണ്. അധികമായി സംഭവിക്കുന്ന നഷ്ടങ്ങൾ റവന്യൂ റിക്കവറിയിലൂടെ കരാറുകാരനിൽ നിന്നും ഈടാക്കുന്നതാണ്.
13. കോളേജ് കാന്റീനും പരിസരവും വൃത്തിയായി സൂക്ഷിക്കേണ്ടതാണ്.
14. ബീഡി, സിഗരറ്റ് മറ്റ് ലഹരി ഉൽപന്നങ്ങൾ/പാനീയങ്ങൾ മുതലായ ശരീരത്തിന് ഹാനികരമായ യാതൊരു ഭക്ഷ്യ വസ്തുക്കളും കാന്റീനിൽ സൂക്ഷിക്കുകയോ വിൽപ്പന നടത്തുകയോ ചെയ്യരുത്.
15. ക്രിമിനൽ പശ്ചാത്തലമുള്ളവർ രാഷ്ട്രീയ പ്രവർത്തന പശ്ചാത്തലമുള്ളവർ എന്നിവരെ ജോലിക്കാരായി നിർത്തുവാൻ പാടുള്ളതല്ല.
16. പാഴ് വസ്തുക്കൽ ഉചിതമായി സംസ്കരിക്കുവാനുള്ള സംവിധാനങ്ങൾ (കമ്പോസ്റ്റ് കുഴി) കരാറുകാരന്റെ സ്വന്തം ചെലവിൽ തയ്യാറാക്കേണ്ടതാണ്.
17. കാന്റീനിൽ വിൽക്കുന്ന സാധനങ്ങൾ മായം ചേർക്കാത്തതും ഗുണനിലവാരമുള്ളതുമായിരിക്കണം.
18. ഭക്ഷണം പാചകം ചെയ്യാനുപയോഗിക്കുന്ന ജലം, കുടിവെള്ളം എന്നിവ ശുദ്ധവും നല്ലവണ്ണം തിളപ്പിച്ചതുമായിമായിരിക്കണം.
19. കാന്റീനിൽ തയ്യാറാക്കുന്ന ഭക്ഷണങ്ങളിൽ വൈവിധ്യം ഉണ്ടായിരിക്കണം.
20. കാന്റീനിൽ ജോലി ചെയ്യുന്ന ജീവനക്കാർ വ്യക്തി ശുചിത്വം പാലിക്കേണ്ടതും മറ്റ് പകർച്ച വ്യാധികൾ ഇല്ലാത്തവരും ചെരുപ്പ് ഉപയോഗിക്കുന്നവരും ആയിരിക്കണം.
21. പലഹാരങ്ങൾ നൽകുമ്പോൾ കവിണി ഉപയോഗിക്കേണ്ടതാണ്.
22. കാന്റീൻ പ്രവർത്തനങ്ങളിൽ അതൃപ്തി തോന്നിയാൽ യാതൊരു നഷ്ടപരിഹാരവും നൽകാതെ തന്നെ കരാർ അവസാനിപ്പിക്കുവാൻ പ്രിൻസിപ്പാളിന് അധികാരം ഉണ്ടായിരിക്കുന്നതാണ്.
23. വിദ്യാർത്ഥികളുടെ പഠിപ്പ് മുടക്ക്, സമരം തുടങ്ങിയ സാഹചര്യങ്ങളിൽ ഭക്ഷണ സാധനങ്ങൾ ബാക്കി വരുന്നത് കൊണ്ടുള്ള കഷ്ടനഷ്ടങ്ങൾക്ക് സർക്കാർ ഉത്തരവാദിയല്ല. വിദ്യാർത്ഥികളാൽ ഫർണീച്ചറുകൾ, മറ്റ് ഉപകരണങ്ങൾ എന്നിവയ്ക്ക് ഉണ്ടാകുന്ന നഷ്ടങ്ങൾക്ക് കോളേജ് ഉത്തരവാദിയായിരിക്കുന്നതല്ല.
24. സർക്കാർ സ്ഥാപനത്തോടനുബന്ധിച്ചുള്ള കാന്റീൻ നടത്തുന്നതിന് സിവിൽ സപ്ലൈസ് ഓഫീസിൽ നിന്നുള്ള സബ് സീഡി സാധനങ്ങൾക്കുള്ള പെർമിറ്റ് ലഭ്യമല്ല.
25. കരാർ ലഭിക്കുന്ന വ്യക്തിക്ക് നിയമാനുസരണം വേണ്ട ഭക്ഷ്യ സുരക്ഷ വകുപ്പിന്റെ ഫുഡ് സേഫ്റ്റി ലൈസൻസ്/രജിസ്ട്രേഷൻ എന്നിവ സ്വന്തം ചെലവിൽ എടുക്കേണ്ടതാണ്.
26. കാന്റീനിൽ ജോലി ചെയ്യുന്ന ജീവനക്കാർക്ക് മെഡിക്കൽ ഫിറ്റ്നെസ് സർട്ടിഫിക്കറ്റ് ഉണ്ടായിരിക്കേണ്ടതാണ്.
27. കാന്റീനിൽ ഉപയോഗിക്കുന്ന വെള്ളം 06 മാസത്തിലൊരിക്കൽ പരിശോധിച്ച് കേരള വാട്ടർ അതോറിറ്റിയിൽ നിന്നും റിപ്പോർട്ട് വാങ്ങേണ്ടതും ആയതിന്റെ പകർപ്പ് ഓഫീസിൽ സമർപ്പിക്കേണ്ടതുമാണ്. വെള്ളത്തിന്റെ ലഭ്യത സംബന്ധിച്ച് എന്തെങ്കിലും തടസ്സം നേരിടുന്നുണ്ടെങ്കിൽ കോളേജ് ക്യാമ്പസിൽ നിന്നും പ്രിൻസിപ്പാൾ നിർദ്ദേശിക്കുന്ന വെള്ളം ഉപയോഗിക്കാവുന്നതാണ്.
28. ക്വട്ടേഷനിൽ ഉൾപ്പെടുത്താത്ത ഇനങ്ങൾ സ്പെഷ്യൽ ഐറ്റം എന്ന വിഭാഗത്തിൽ

ഉൾപ്പെടുത്തി വിൽക്കാവുന്നതാണ്. സ്പെഷ്യൽ ഐറ്റം പ്രത്യേക ലിസ്റ്റ് തയ്യാറാക്കി കാന്റീനിൽ വില സഹിതം പ്രദർശിപ്പിക്കേണ്ടതാണ്. ഇതിന്റെ വില പൊതുവിപണി വിലയെക്കാൾ അധികരിക്കാവുന്നതല്ല.

29. സോഫ്റ്റ് ഡ്രിങ്ക്സ്, ഐസ്ക്രീം പോലുള്ള സാധനങ്ങൾ വിൽക്കുന്നതിന് മുൻകൂർ അനുമതി ആവശ്യമാണ്.
30. സർക്കാർ നിർദ്ദേശിച്ചിട്ടുള്ള ഹരിത പെരുമാറ്റ ചട്ടം നിർബന്ധമായും പാലിക്കേണ്ടതാണ്. കൂടാതെ ഹരിത പെരുമാറ്റചട്ടത്തിന്റെ ഭാഗമായി തദ്ദേശ സ്വയം ഭരണ സ്ഥാപനത്തിലേക്ക് അടയ്ക്കേണ്ട ഫീസ് എല്ലാ മാസവും കൃത്യമായി കരാറുകാരൻ അടക്കേണ്ടതും രസീത് സൂക്ഷിക്കേണ്ടതും പരിശോധന സമയത്ത് ഹാജരാക്കേണ്ടതുമാണ്.
31. വ്യവസ്ഥകൾ തെറ്റിക്കുന്ന മുറയ്ക്ക് കരുതൽ ധനം സർക്കാരിലേക്ക് മുതൽ കൂട്ടുന്നതായിരിക്കും.
32. ഓരോ നേരവും ഒന്നിൽ കൂടുതൽ വിഭവങ്ങൾ കാന്റീനിൽ ലഭ്യമാക്കേണ്ടതാണ്.

PRINCIPAL, GPTC

Signed by
Vikas P N
Date: 21-04-2025 12:11:18